(ബി) ഈ സ്കൂളുകളിൽ എല്ലാം കൂടി 3440 കുട്ടികൾ ഈ വർഷം പഠിക്കുന്നു. വിശദവിവരം † അനുബന്ധത്തിൽ കാണാവുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ആവശ്യത്തിനായി 5 കോടി 17 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു.

(സി) 5.75 കോടി രൂപ ചെലവഴിച്ചു.

(ഡി) ഇല്ല. തുക ലാപ്സായിട്ടില്ല. ബഡ്ജറ്റ് തുക തികയാതെ വന്നതിനാൽ അധികമായി 58 ലക്ഷം രൂപ റി-അപ്രോപ്രിയേഷനിലൂടെ കണ്ടെത്തിയാണ് ചെലവഴിച്ചിട്ടുള്ളത്.

(ഇ) ഉദിക്കുന്നില്ല.

നാഷണൽ പവർഗ്രിഡ് കോർപ്പറേഷനിൽ നിന്നും വൈദ്യുതി

*20 [350] ശ്രീ. എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ പവർഗ്രിഡ് കോർപ്പറേഷൻ ഇന്ത്യാ ലിമിറ്റഡ് തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് വിഷമഘട്ടത്തിൽ വിദ്യുച്ഛക്തി നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം പവർഗ്രിഡ് എത്ര വൈദ്യുതി അനുവദിച്ചെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന് അർഹമായത് വിഷമഘട്ടത്തിൽ പവർഗ്രിഡ് നൽകി വരുന്നുണ്ടോ;

(ഡി) പവർഗ്രിഡ് കേരളത്തിന് വൈദ്യുതി അനുവദിക്കുമ്പോൾ ഏതടിസ്ഥാനത്തിലാണ് ചാർജ്ജ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇല്ല. പവർഗ്രിഡ് കോർപ്പറേഷൻ ഇന്ത്യാ ലിമിറ്റഡ് വൈദ്യുതി ഉൽപ്പാദനമോ വിൽപ്പനയോ നടത്തുന്നില്ല. ഈ സ്ഥാപനം വൈദ്യുതിയുടെ പ്രസരണം മാത്രമാണ് നടത്തുന്നത്.

(ബി, സി, ആന്റ് ഡി) പ്രസക്തമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly